ഭരണഭാഷ - മാതൃഭാഷ

| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &<br>എഞ്ചിനീയറിംഗ് വിംഗ്<br>റവന്യൂ കോംപ്ലക്സ് മൂന്നാം നില<br>പബ്ലിക് ആഫീസ് ബിൽഡിംഗ്<br>തിരുവനന്തപുരം - 33 | ഫോൺ: 0471-2324951<br>0471-2325071<br>ടെലി ഫാക്സ് – 0471-2324951<br>ഇമെയിൽ -celsgd@gmail.com<br>വെബ് സൈറ്റ് www.celsgd.kerala.gov.in |

**നം: ഡിബി5/14618/2020/സിഇ/തസ്വഭവ** **തീയതി: 06.11.2021**

## സർക്കുലർ

വിഷയം: തസ്വഭവ (എൽ.ഐ.ഡി & ഇ.ഡബ്ല്യൂ) - പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് -2020-21 സാമ്പത്തിക വർഷത്തെ ടൈഡ് ഫണ്ട് വിനിയോഗം 50% - എത്തി ക്കുന്നത് - സംബന്ധിച്ച്

സൂചന: 1) പഞ്ചായത്ത് ഡയറക്ടറുടെ 16/10/2021 ലെ PAN/21063/2018-J1(DP) നമ്പർ കത്ത്
2) 05.11.2021-ലെ തസ്വഭവ അഡീ. ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം

**********

പതിനഞ്ചാം ധനകാര്യകമ്മിഷൻ ഗ്രാന്റ് - ഈ വർഷത്തെ അടുത്ത ഗഡു ലഭ്യമാകുന്നതിന് 2020-21 വർഷത്തെ ടൈഡ്, അൺടൈഡ് ഫണ്ടിൽ 50% വിനിയോഗം വേണ്ടതുണ്ട്. എന്നാൽ ടൈഡ് ഫണ്ടിൽ നാളിതു വരെ 50% വിനിയോഗം പോലും ആയിട്ടില്ല. 2020-21 വർഷത്തെ ടൈഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ടുകളിൽ അധികവും നിർവ്വഹണം നടത്തുന്നത് തദ്ദേശസ്വയം ഭരണ വകുപ്പ് അസി.എഞ്ചിനീയർ, ആണ്. ആയതിനാൽ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, നിർവ്വഹണം നടത്തുന്ന 2020-21 വർഷത്തെ ടൈഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ നിർവ്വഹണം വേഗത്തിലാക്കി പരമാവധി ബില്ലുകൾ പാർട്ട് ബില്ലുകൾ, ഉൾപ്പെടെ അടിയന്തരമായി ട്രഷറിയിൽ നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതിൽ വീഴ്ച വരുത്തുന്നത് ഗൗരവപരമായി കാണുന്നതാണ്.

ഈ കാര്യങ്ങൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ റിവ്യൂ ചെയ്യേണ്ടതും, ആയത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഏകീകരിച്ച് റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

പതിനഞ്ചാം ധനകാര്യകമ്മിഷൻ ഗ്രാന്റിനത്തിൽ 2020-21 സാമ്പത്തികവർഷത്തിൽ വിനിയോഗിക്കാതെ അവശേഷിച്ച തുക ഉപയോഗിച്ച് ഈ വർഷം (2021-22) ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളിൽ നിന്നുള്ള പേയ്മെന്റ് മുൻവർഷങ്ങളിലേത് പോലെ സുലേഖ- സാംഖ്യ സോഫ്റ്റ് വെയർ മുഖേനയാണ് (eGSPI വഴിയല്ല) നടത്തേണ്ടത്.

ചീഫ് എഞ്ചിനീയർ

P